പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*297 — 11-12-2018-ലെ മറുപടിയ്ക്ക്

## കർഷക ആത്മഹത്യകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ പെരുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വ്യാപകമായ കൃഷിനാശം കർഷക ആത്മഹത്യകളുടെ വർദ്ധനവിന് കാരണമായിട്ടുണ്ടോ; | (എ) | പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വ്യാപകമായ കൃഷിനാശം സംഭവിച്ചിട്ടും, കടക്കെണിമൂലം കർഷക ആത്മഹത്യകൾ ഒന്നും തന്നെ നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (ബി) | കഴിഞ്ഞ മൂന്ന് മാസത്തിനകത്ത് നിരവധി കർഷകർ കടക്കെണി കാരണം ആത്മഹത്യ ചെയ്യുകയുണ്ടായിട്ടും സർക്കാർ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഈ സർക്കാർ കാർഷിക മേഖലയിൽ ദീർഘ വീക്ഷണത്തോടും കാര്യക്ഷമതയോടും കൂടി നടത്തിയ ഇടപെടൽ കാരണം കഴിഞ്ഞ മൂന്ന് മാസത്തിനകത്ത് കടക്കെണിമൂലം കർഷക ആത്മഹത്യകളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (സി) | കാർഷിക ലോണുകൾ എഴുതിത്തള്ളാൻ സർക്കാർ മുൻകൈയെടുക്കുമോ? | (സി) | സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ച് സ.ഉ.(എം.എസ്.) നം.367/2018/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കർഷകർക്ക് കൃഷി പുനരാരംഭിക്കുന്നതിന് വിത്ത്, വളം മുതലായവ സൗജന്യമായി നൽകിയിട്ടുണ്ട്. മഴക്കെടുതി മൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം കാർഷിക കടങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾക്കും 2018 ജൂലൈ 31 മുതൽ ഒരു വർഷത്തേയ്ക്ക് SLBC മോറട്ടോറിയം |

| | | | |
|---|---|---|---|
| | | | പ്രഖ്യാപിച്ചു. പ്രളയബാധിത ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ പുന:ക്രമീകരിക്കുന്നതിനും മോറട്ടോറിയത്തിന്റെ കാലപരിധി കഴിഞ്ഞശേഷം ടേം ലോൺ ആക്കിയാൽ കൂട്ടുപലിശ ഒഴിവാക്കി സാധാരണ പലിശ മാത്രം ഈടാക്കുവാനും തിരിച്ചടവ് തുക തവണകളായി അഞ്ചുവർഷംകൊണ്ട് തിരിച്ചടക്കാവുന്ന രീതിയിൽ പുന:ക്രമീകരിക്കുവാനും സംസ്ഥാനതല ബാങ്കേഴ്സ് സമിതി പ്രതിനിധികളുമായി സർക്കാർ നടത്തിയ ചർച്ചയിൽ തീരുമാനമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (എച്ച്) വകുപ്പ്**

സ.ഉ.(എം.എസ്) നം.367/2018/റവ. തിരുവനന്തപുരം, തീയതി, 12/10/2018

പരാമർശം: 19.12.2016-ലെ സ.ഉ(എം.എസ്)598/16/റവ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട്, 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് പരാമർശ ഉത്തരവ് പ്രകാരം 2017 മെയ് 31 വരെ സർക്കാർ മോറട്ടോറിയം പുറപ്പെടുവിച്ചിരുന്നു.

2. ഈ നൂറ്റാണ്ടിലെ മഹാപ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കാലവർഷക്കെടുതികളും വ്യാപകമായ കൃഷിനാശവും സംഭവിച്ചിട്ടുണ്ട്. ഇതുവഴി ബഹുഭൂരിപക്ഷം വരുന്ന കർഷകരുടെ വായ്പാ തിരിച്ചടവ് മുടങ്ങുകയും അവർ ജപ്തി ഭീഷണി നേരിടുന്ന അവസ്ഥ സംജാതമായിരിക്കുകയുമാണ്.

3. പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്ഷീരവികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് ഉത്തരവ് തീയതിമുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്. കുര്യൻ**

അഡീഷണൽ ചീഫ് സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. എല്ലാ ജില്ലാ കളക്ടർമാർക്കും
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) തിരുവനന്തപുരം
4. പൊതുഭരണ(SC) വകുപ്പ് (ഇനം 2503 തീയതി, 27.09.2018)
5. കൃഷി വകുപ്പ്
6. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
7. ധനകാര്യ വകുപ്പ്
8. റവന്യൂ (എസ്/ജി/ഡി.എം.(എ, ബി)) വകുപ്പ്
9. ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
10. ഓഫീസ് കോപ്പി/കരുതൽ ഫയൽ

**പകർപ്പ്:** റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**